20 മെയ് 2026
വാല്യം. 36
ലക്കം. 09

മരുപ്പച്ച
സമകാലിക പത്രിക

maruppacha@yahoo.com
www.maruppacha.com
Published from Thiruvalla
on 20-05-2026

MEMBER: NEWS PAPERS ASSOCIATION OF INDIA
വില ₹ 10.00

അമേരിക്ക ദൈവത്തിന്റെ കരങ്ങളിൽ

സ്റ്റാൻലി ജോർജ്
മാനേജിംഗ് എഡിറ്റർ, മരുപ്പച്ച

വാഷിംഗ്ടൺ ഡിസി: പതിനായിരങ്ങൾ നാഷണൽ മാളിൽ ഒത്തുകൂടി അമേരിക്കയെ ദൈവത്തിന്റെ കീഴിലുള്ള ഒരു രാഷ്ട്രമായി സമർപ്പിച്ചു. ദൈവസ്നേഹം വർണ്ണിക്കുന്ന ഗാനങ്ങൾ അന്തരീക്ഷത്തിൽ ഉയർന്നു. പൂർവ്വപിതാക്കന്മാരുടെ പാത പിന്തുടരുവാനുള്ള വിശ്വാസ പ്രഖ്യാപനമായി സമ്മേളനം മാറി. അനുതാപത്തിന്റെയും ഏറ്റുപറച്ചിലിന്റെയും സന്ദേശത്തിൽ പ്രാർത്ഥനാനിരതരായി പതിനായിരങ്ങൾ രാജ്യത്തെ ദൈവത്തിനായി പുനപ്രതിഷ്ഠിച്ചു.

അമേരിക്കൻ സ്വാതന്ത്ര്യ പ്രഖ്യാപനത്തിന്റെ 250-ാം വാർഷികത്തിന് മുന്നോടിയായിട്ടാണ് പ്രാർത്ഥനാചടങ്ങ് സംഘടിപ്പിച്ചത്. നിരവധി ക്രൈസ്തവ നേതാക്കളും മിഷൻ ലീഡേഴ്സും പ്രാർത്ഥനാ സംഗമത്തിന് നേതൃത്വം കൊടുത്തു. 'ദ ചോസൻ' എന്ന ടെലിവിഷൻ പരമ്പരയിൽ യേശുവിനെ അവതരിപ്പിച്ച ശ്രദ്ധേയനായ നടൻ ജോനാഥൻ റൂമിയുടെ സാന്നിധ്യം ചടങ്ങിന് ശ്രദ്ധേയമാക്കി.

'എന്റെ നാമം പേരുന്ന എന്റെ

(ശേഷം പേജ് 6)





സമ്മേളനത്തിൽ സ്റ്റാൻലി ജോർജ്

പാസ്റ്റർ എസ്.ഏബ്രഹാം ദി പെന്തെക്കോസ്ത് മിഷൻ ഡെപ്യൂട്ടി ചീഫ്പാസ്റ്റർ



ചെന്നൈ: ദി പെന്തെക്കോസ്ത് മിഷൻ സഭയുടെ ഡെപ്യൂട്ടി ചീഫ് പാസ്റ്റർ ആയി അഡയാർ സെൻറർ പാസ്റ്ററായിരുന്ന എസ്.ഏബ്രഹാം അരുൾ രാജ്(ലാലു 72) നിയമിതനായി. കഴിഞ്ഞ ദിവസം നിത്യതയിൽ ചേർക്കപ്പെട്ട ഡെപ്യൂട്ടി ചീഫ് പാസ്റ്റർ എം.ടി. തോമസിന്റെ ഒഴിവിലേക്കാണ് നിയമനം. ചെന്നൈ ഇരുമ്പല്ലിയൂരിൽ ഇന്ന് നടന്ന മുൻ ഡെപ്യൂട്ടി ചീഫ് പാസ്റ്റർ എം.ടി. തോമസിന്റെ സംസ്കാര ശുശ്രൂഷയ്ക്കിടയിലാണ് ചീഫ് പാസ്റ്റർ ഏബ്രഹാം മാത്യൂ പ്രഖ്യാപനം നടത്തിയത്. 1977 ൽ ടി.പി.എം സഭയുടെ ശുശ്രൂഷകനായിട്ടായിരുന്നു തുടക്കം. കേരളമടക്കം ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലും മിഡിൽ ഈസ്റ്റിലും (ദുബായ്) സഭയുടെ ശുശ്രൂഷകനായിരുന്നു.

ഡോ. ഏഴംകുളം സാംകുട്ടിയെ അനുസ്മരിച്ച് സർഗസമിതി



കുമ്പനാട്: പ്രശസ്ത നോവലിസ്റ്റും പ്രഭാഷകനുമായ ഡോ. ഏഴംകുളം സാംകുട്ടി അനുസ്മരണം "മരിക്കാത്ത ഓർമ്മകൾ" ചർച്ച് ഓഫ് ഗോഡ് ഹാളിൽ നടന്നു. ക്രൈസ്തവ എഴുത്തുകാരുടെ സംഘടനയായ സർഗസമിതിയുടെ നേതൃത്വത്തിൽ നടന്ന അനുസ്മരണം

ചർച്ച് ഓഫ് ഗോഡ് മുൻ അസിസ്റ്റന്റ് ഓവർസിയറും എഴുത്തുകാരനുമായ പാസ്റ്റർ പി.ജി.മാത്യൂസ് ഉദ്ഘാടനം ചെയ്തു.

എഴുത്തുകാരൻ അച്ചൻകുഞ്ഞ് ഇലന്തൂർ അധ്യക്ഷത വഹി

(ശേഷം പേജ് 6)

നോർത്ത് അമേരിക്കൻ ദൈവസഭകളുടെ ഇരുപത്തി ഒൻപതാം സമ്മേളനം കോളറാഡോയിൽ




ഡെൻവർ: ദൈവസഭകളുടെ ദേശീയ സമ്മേളനം കോളറാഡോയിൽ ഡെൻവർ പട്ടണത്തിലെ മാരിയറ്റ് ഹോട്ടലിൽ 2026 ജൂലൈ 9-12 വരെ നടത്തുവാനുള്ള ക്രമീകരണങ്ങൾ പുരോഗമിച്ചുവരുന്നു. പ്രകൃതി രമണീയമായ കൊളറാഡോ സംസ്ഥാനത്തിൽ നടക്കുന്നു ഈ പ്രഥമ സമ്മേളനത്തിന്റെ കൺവീനർ റവ. ബെൻസൺ ഏബ്രഹാം, വൈസ് പ്രസിഡന്റ് റവ. സൈമൺ ഫിലിപ്പ്, സെക്രട്ടറി ഡോ. ഷിബു സാമുവേൽ, ട്രഷറർ റവ ജെയിംസ് എബ്രഹാം എന്നിവരും , പാസ്റ്റർ ഡാർവിൻ വിൽസൺ ഇംഗ്ലീഷ് കോഡിനേറ്ററായും ഡോ.ജോളി ജോസഫ് ലേഡീസ് പ്രസിഡണ്ട് നിലയിലും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

സമ്മേളനത്തിന് മുന്നോടിയായി ജൂലൈ 8, 9 തീയതികളിൽ ശുശ്രൂഷ കന്മാരുടെ കുടുംബ സമ്മേളനവും ക്രമീകരിച്ചിട്ടുണ്ട്. കോൺഫറൻസിന്റെ വിവിധ സമയങ്ങളിലായി ആത്മാവിൽ ഏകീകരണം എന്ന വിഷയത്തിൽ കേന്ദ്രീകരിച്ചു സംസാരിക്കുവാൻ പ്രാദേശിക

(ശേഷം പേജ് 6)

കൊച്ചുപ്പാപ്പൻ

പ്രതിപക്ഷ നേതാവു സ്ഥാനത്തുനിന്ന് പിണറായിയെ ഒഴിവാക്കണം:
സിപിഎംആലപ്പുഴ



യു.ഡി.എഫിന് ഭരണത്തുടർച്ച ലഭിക്കണമെങ്കിൽ പിണറായിയെ ഒഴിവാക്കരുത്

കാലത്തിന്റെ വെല്ലുവിളികളെ നേരിടാൻ കുട്ടികളെ പ്രാപ്തരാക്കണം: പാസ്റ്റർ ഫിലിപ്പ് പി തോമസ്

വാഗമൺ: ഉത്തരാധുനിക കാലഘട്ടത്തിൽ കുട്ടികളിൽ ഉണ്ടായികൊണ്ടിരിക്കുന്ന മാനസിക സമ്മർദ്ദങ്ങൾ വലുതാണെന്നും അതിനെ അതിജീവിക്കുവാൻ അവരിൽ ദൈവീക ബോധം വളർത്തിയെടുക്കുവാൻ സണ്ടേസ്കൂൾ അധ്യാപകർ ശ്രദ്ധാലുക്കളായിരിക്കണമെന്നും ഐപിസി ജനറൽ വൈസ് പ്രസിഡന്റ് പാസ്റ്റർ ഫിലിപ്പ് പി തോമസ് പറഞ്ഞു. വാഗമൺ പിൽഗ്രിം റിട്രീറ്റ് സെന്ററിൽ നടന്ന ഐപിസി സണ്ടേസ്കൂൾസ് അസോസിയേഷൻ സംസ്ഥാന അധ്യാപക ക്യാമ്പിൽ സമാപനസന്ദേശം നൽകുകയായിരുന്നു അദ്ദേഹം. നിർമ്മിത ബുദ്ധിയുടെ സ്വാധീനവും രാസലഹരിയുടെ ഉപയോഗവും കുട്ടികളിൽ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അധ്യാപകർ ജാഗ്രത ഉള്ളവരായിരിക്കണമെന്നും അദ്ദേഹം കൂട്ടിചേർത്തു. സംസ്ഥാന സെക്രട്ടറി പാസ്റ്റർ തോമസ് മാത്യു ചാരുവേലിയുടെ അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ഫിന്നി പി മാത്യു, ജോസ് ജോൺ എന്നിവർ പ്രസംഗിച്ചു. പാസ്റ്റർ ഫിലിപ്പ് പി തോമസ് നേതൃത്വം നൽകിയ തിരുവത്താഴ ശുശ്രൂഷയിൽ പാസ്റ്റർമാരായ സാംകുട്ടി ജോൺ, ജയിംസ് ഏബ്രഹാം, ബിജു മാത്യു, ടി എ തോമസ് എന്നിവർ സഹകാർമ്മികരായി. ഡയറക്ടർ പാസ്റ്റർ ജോസ് തോമസ് ക്യാമ്പിൽ പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. പാസ്റ്റർമാരായ തോമസ് ജോർജ് കട്ടപ്പന, തോമസ് മാത്യു എന്നിവർ വചനധ്യാനം നടത്തി. ക്യാമ്പിൽ വിവിധ സെഷനുകളിലായി ഡോ. ബി.ആർ. പ്രഭു, ഡോ. ഇടിച്ചെറിയ നൈനാൻ, ഡോ. ബൻസിക്ക് മിറാൻണ്ട, ഡോ. ജോൺ ജേക്കബ്, ഡോ. രശ്മി സുധീർ, പ്രിയ ജസ്റ്റിൻ എന്നിവർ ക്ലാസുകൾ നയിച്ചു.



ചെയർമാൻ
ജോൺ വർഗീസ്

ചീഫ് എഡിറ്റർ
അച്ചൻകുഞ്ഞ് ഇലന്തൂർ

ഓവർസീസ് എഡിറ്റർ
ഷാജി കാരയ്ക്കൽ

ജനറൽ എഡിറ്റർ
സ്റ്റാൻലി ജോർജ്

എക്സിക്യൂട്ടീവ് എഡിറ്റർ
ദീപ്തി അന്ന അച്ചൻകുഞ്ഞ്

യു.എസ്. എക്സിക്യൂട്ടീവ് എഡിറ്റർ
റവ. ചാക്കോ ജോർജ്ജ്

അസോസിയേറ്റ് എഡിറ്റേഴ്സ്
ഷിബു മുള്ളംകാട്ടിൽ
വർഗീസ് മാത്യു
ചാർലീസ് മാത്യു
മാത്യൂസ് പി. ജോൺ
ജോസ് ഐക്കരപ്പടി
റെഞ്ചി ജേക്കബ് ജോർജ്
ബെന്നി കൊച്ചുവടക്കേൽ

സബ് എഡിറ്റേഴ്സ്
ജെസ്സി വർഗീസ്
ജെയ് തോമസ് മാലിയിൽ
പൊന്നമ്മ സാം

സ്പെഷ്യൽ റിപ്പോർട്ടേഴ്സ്
റ്റീയെസ് കപ്പമാംമുട്ടിൽ
റെജി വർഗീസ് വെണ്ണിക്കുളം
ജസ്റ്റസ് ചന്ദ്രബോസ്
സാം മാത്യു ന്യൂയോർക്ക്

ജനറൽ കോ-ഓർഡിനേറ്റേഴ്സ്
ജിജി ബറോഡ
ജോൺ മത്തായി അതിരുങ്കൽ
ജെയിംസ് മേമന

കോ-ഓർഡിനേറ്റേഴ്സ്
മഞ്ജു പീടിയേക്കൽ
ബെന്നി പാപ്പച്ചൻ ഒക്കലഹോമ
രാജൻ ഏബ്രഹാം
മോൻസി വളഞ്ഞവട്ടം ഡാളസ്സ്
ജോയി സാം ജേക്കബ് കാനഡ

മരുപ്പച്ച

വാർഷിക വരിസംഖ്യ
ഇന്ത്യയിൽ : 200 രൂപ
യു.എസ്.എ. & കാനഡ : $ 50
ഇംഗ്ലണ്ട് : 20 പൗണ്ട്
ഗൾഫ് രാജ്യങ്ങൾ : 2000 രൂപ
വരിസംഖ്യ അയയ്ക്കേണ്ട വിലാസം
മരുപ്പച്ച
പ്ലാന്തോട്ടം കോംപ്ലക്സ്
തിരുവല്ല-1, കേരള - 689 101
ഫോൺ : 9961720195
maruppacha@yahoo.com
maruppacha@gmail.com

ബൈബിൾ യൂറോപ്പ്



വെളിപ്പാട് പുസ്തകത്തിലെ സഭകൾ...
വിശ്വാസപ്രമാണത്തിന്റെ നാട്ടിലൂടെ...

സഭാ പിതാക്കന്മാരുടെയും രക്തസാക്ഷികളുടെയും
സഭാ കൗൺസിലുകളുടെയും നാടുകളിലൂടെ ഒരു പഠനയാത്ര

▸▸പത്മോസ് ▸▸ടർക്കി
▸▸ഗ്രീസ് ▸▸റോം ▸▸വത്തിക്കാൻ

▸ എഫെസൊസ് ▸ സ്മുർന്ന
▸ പെർഗ്ഗമൊസ് ▸ തുയഥൈര
▸ സർദ്ദിസ് ▸ ഫിലദെൽഫ്യ
▸ ലവൊദിക്ക്യാ ▸ ഏഥൻസ്
▸ കൊരിന്ത് ▸ ഫിലിപ്പ്യ
▸ തെസ്സലോനിക്യ ▸ ബറോവ

Beyond Patmos



12 രാത്രി
13 പകൽ



ഗൾഫ്, അമേരിക്ക, ഇംഗ്ലണ്ട്
തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ളവർക്കും
യാത്രാ സംഘത്തിൽ ചേരാൻ
ക്രമീകരണങ്ങൾ ചെയ്യുന്നു.



2026
സെപ്റ്റംബർ
14



▸ വിശ്വാസപ്രമാണത്തിന്റെ നാടായ നിഖ്യാ
▸ യോഹന്നാനെ നാടുകടത്തിയ പത്മോസ് ദ്വീപ്
▸ വെളിപ്പാടു പുസ്തകത്തിലെ 7 സഭകളുടെ നാടുകൾ
▸ പുതിയനിയമകാലത്തെ നാടും നഗരങ്ങളും
▸ സുവിശേഷത്തിനു സാക്ഷ്യം വഹിച്ച നാടുകൾ

91 9961720195 | +1 9143493978
e-mail: maruppacha@gmail.com | web: www.maruppacha.com

ആത്മീയതയുടെ ഓഹരി കൊടുത്തുവോ?



ഡോ. റൂബിൾ രാജ്

റിട്ടയർമെന്റ് ജീവിതത്തിന്റെ മുഷിപ്പിനെ ഒരു വലിയ പരിധിവരെ അകറ്റി നിർത്തുന്നത് വായന, എഴുത്ത്, യാത്ര, പ്രഭാഷണങ്ങൾ എന്നിവയെ കൂട്ടുപിടിച്ചാണ്. ഇവയൊന്നും ഇല്ലാതിരുന്നെങ്കിൽ ഇതിനോടകം ജീവിതത്തിൽ നിന്നുതന്നെ ഒരു പക്ഷേ, റിട്ടയർ ചെയ്തുപോകുമായിരുന്നു.

വായന നൽകുന്നത് പ്രതീക്ഷയും ബോദ്ധ്യങ്ങളുമാണ്. ജീവിത മുറിവുകളിലെ ലേപനമായും ചിലപ്പോൾ വായന മാറാറുണ്ട്. വായന, ചിന്തയെ പിടിച്ച് ഉലച്ച് ചിന്താവഴികളെ വഴി മാറ്റി വിടാറുമുണ്ട്. നല്ല പുസ്തകങ്ങൾക്കുവേണ്ടിയും, തുടർ അദ്ധ്യായങ്ങൾക്കുവേണ്ടിയുമുള്ള കാത്തിരിപ്പ് ജീവിതത്തിൽ മധുരം നിറയ്ക്കാറുണ്ട്. അപ്രതീക്ഷിതമായി ലഭിക്കുന്ന ഒരു നല്ല പുസ്തകം ഇലയിൽ വിളമ്പുന്ന സദ്യപോലെ ഹൃദ്യമായി അനുഭവപ്പെടാറുമുണ്ട്.

എന്റെ വായനാവലയിൽ കൊളുത്തിയ ഒരു സംഭവവും ഒരു ചെറുകഥയും എന്റെ മനസ്സിനെ വല്ലാതെ നൊമ്പരപ്പെടുത്തി. വായനക്കിടയിൽ എന്റെ കണ്ണുകൾ നനയുകയും ശരീരം വിയർക്കുകയും ചെയ്തു. വലയിൽ ഉടക്കിക്കിടക്കുന്ന മത്സ്യംപോലെ എന്റെ ഉള്ള് വല്ലാതെ പിടച്ചു. അക്ഷരങ്ങളിൽ നിന്ന് ഉയിർകൊണ്ട ആത്മാക്കൾ എന്റെ ചുറ്റും നൃത്തം ചവിട്ടി. ഒരു ശാസനാരൂപത്തിൽ അവർ എന്നോട് കൽപ്പിച്ചു 'പേനയെടുക്കു നിന്റെ മനസ്സിലെ നോവിന് നീ അക്ഷരരൂപം നൽകണം.'

വേറിട്ട ഒരു സന്ദർഭത്തിൽ രേഖപ്പെടുത്തിയതാണെങ്കിലും 'ചരിത്രം നൽകുന്ന പാഠം' എന്ന തലക്കെട്ടുള്ള 78-ാം സങ്കീർത്തനത്തിലെ ചില വാക്യങ്ങൾ തെളിയൂറി മനസ്സിൽ വിരുന്നിനെത്തി. 'അവിടുന്ന് യാക്കോബിനു പ്രമാണങ്ങൾ നൽകി, ഇസ്രായേലിനു നിയമവും. അതു മക്കളെ പഠിപ്പിക്കാൻ നമ്മുടെ പിതാക്കന്മാരോട് അവിടുന്ന് ആജ്ഞാപിച്ചു. വരാനിരിക്കുന്ന തലമുറ ഇനിയും ജനിച്ചിട്ടില്ലാത്ത മക്കൾ അവ അറിയുകയും തങ്ങളുടെ മക്കൾക്ക് അവ പറഞ്ഞുകൊടുക്കുകയും ചെയ്യും. അവർ ദൈവത്തിൽ ആശ്രയിക്കുകയും അവിടുത്തെ പ്രവൃത്തികളെ വിസ്മരിക്കാതെ കൽപ്പനകൾ പാലിക്കുകയും ചെയ്യും.'(സങ്കീ: 78:57)

പിന്നെ ഞാൻ ഒട്ടും അമാന്തിക്കാതെ പേന കൈയിലെടുത്തു. ഈ ലേഖനം എഴുതുക എന്റെ നിയോഗമാണെന്ന് ഞാൻ ഉറപ്പിച്ചു.



വായന നൽകുന്നത് പ്രതീക്ഷയും ബോദ്ധ്യങ്ങളുമാണ്. ജീവിത മുറിവുകളിലെ ലേപനമായും ചിലപ്പോൾ വായന മാറാറുണ്ട്. വായന, ചിന്തയെ പിടിച്ച് ഉലച്ച് ചിന്താവഴികളെ വഴി മാറ്റി വിടാറുമുണ്ട്. നല്ല പുസ്തകങ്ങൾക്കുവേണ്ടിയും, തുടർ അദ്ധ്യായങ്ങൾക്കുവേണ്ടിയുമുള്ള കാത്തിരിപ്പ് ജീവിതത്തിൽ മധുരം നിറയ്ക്കാറുണ്ട്.

ആദ്യ സംഭവം ഒരു മരണവുമായി ബന്ധപ്പെട്ടതാണ്. 2026 മാർച്ച് 28 ന് റെയ്മണ്ട് ഗ്രൂപ്പിന്റെ മുൻ ചെയർമാനും പത്മഭൂഷൺ അവാർഡ് ജേതാവുമായ വിജയപത് സിംഘാനിയ 87ാം വയസ്സിൽ മുംബെയിൽ അന്തരിച്ചു. റെയ്മണ്ടിനെ ഇന്ത്യയിലെ ഒരു പ്രമുഖ ബ്രാൻഡാക്കി അദ്ദേഹം വളർത്തിയെടുത്തു. വ്യോമയാന നേട്ടങ്ങൾക്കും അദ്ദേഹം പ്രസിദ്ധനായിരുന്നു. ഒരു കാലത്ത് മുകേഷ് അംബാനിയേക്കാൾ അദ്ദേഹം സമ്പന്നനായിരുന്നു. 'The Complete Man' എന്നതായിരുന്നു അദ്ദേഹത്തിന്റെ ബിസിനസ് ടാഗ് ലൈൻ. എങ്കിലും ആത്മകഥ രചിച്ചപ്പോൾ അദ്ദേഹം പേരിട്ടത് "Incomplete Life' എന്നാണ്. സമ്പന്നർ അധിവസിക്കുന്ന മുംബെ മലബാർ ഹില്ലിലെ 36 നിലകളുള്ള ജെ.കെ. ഹൗസിലായിരുന്നു താമസം. ഒരു ഘട്ടത്തിൽ സ്വത്തുക്കൾ അവകാശികൾക്ക് അദ്ദേഹം കൈമാറി. തുടർന്ന് ജെ.ജെ. ഹൗസിൽ നിന്ന് അച്ഛനേയും അമ്മയേയും മകൻ ഇറക്കിവിട്ടു. റെയ്മണ്ടിന്റെ എമിരറ്റസ് ചെയർമാൻ പദവിയിൽ നിന്നും പുറത്താക്കി. മാസംതോറും ലഭിച്ചിരുന്ന അരലക്ഷത്തിൽ കുറഞ്ഞ അലവൻസുകൊണ്ടാണ് അവസാന നാളുകളിൽ അദ്ദേഹവും ഭാര്യയും കഴിഞ്ഞിരുന്നത്.

മകൾക്കുവേണ്ടി ഒരു ബിസിനസ് സാമ്രാജ്യം കെട്ടി ഉയർത്തിയ ഒരു പിതാവിനു തിരികെ ലഭിച്ചത് അവഗണനയും ആട്ടിപ്പായിക്കലും മാത്രം. ആ പിതാവിന് മരണം അനുഗ്രഹമായി ഭവിച്ചു എന്ന് കുറിച്ചാൽ 'വാസ്തവം' എന്നാവും വായനക്കാർ കരുതുക. മക്കൾക്കുവേണ്ടി വിത്തെറിഞ്ഞിട്ടും വിയർപ്പൊഴുക്കിയിട്ടും, എന്തേ മക്കൾ ഇങ്ങനെ എന്ന ചോദ്യം പല കോണുകളിൽ നിന്നും ഉയരുന്നത് വർത്തമാനകാലത്തിലെ നൊമ്പര കാഴ്ചയാണ്.

തുടർന്ന് ഞാൻ നിങ്ങളുടെ ശ്രദ്ധയെ ഒരു ചെറുകഥയിലേക്ക് ക്ഷണിക്കുകയാണ്. നെഞ്ച് തകർന്നല്ലാതെ ഈ കഥ വായിച്ചവസാനിപ്പിക്കാൻ നമുക്കാവില്ല. കഥയുടെ അവസാന വരിയിലെത്തുമ്പോൾ ഉരുണ്ടുതൂങ്ങിയ കണ്ണീർക്കണങ്ങൾ 65-ാം പേജിലേക്ക് ഇറ്റു വീഴുന്നത് നമ്മളിൽ ഇനിയും മരിക്കാത്ത മനുഷ്യത്വം ബാക്കി നിൽക്കുന്നതുകൊണ്ടാണ്.

2026 ഏപ്രിൽ 5ന്റെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ എൻ.പി. ഹാഫിസ് മുഹമ്മദ് എഴുതിയ 'പോക്സോ' എന്ന കഥയാണ് മനസ്സിനെ കൊത്തിവലിക്കുന്ന അനുഭവം സൃഷ്ടിച്ചത്. അസാമാന്യമായ ഒതുക്കത്തോടെയാണ് കഥാകൃത്ത് രചന നിർവ്വഹിച്ചിരിക്കുന്നത്.

ഒരു ജയിലാണ് കഥയുടെ പശ്ചാത്തലം. പോക്സോ കേസിൽ ശിക്ഷിക്കപ്പെട്ട 64 വയസ്സുകാരനായ, 32 വർഷം സർവ്വീസുള്ള റിട്ടയേർഡ് അദ്ധ്യാപകൻ കാണിപ്പത്ത് ശങ്കരനാണ് കഥയിലെ നായകൻ. 13 വയസ്സുള്ള വസന്തം എന്ന സ്വന്തം പേരക്കുട്ടിയെ പീഡിപ്പിച്ചെന്നാണ് കേസ്. ഇരുപത് കൊല്ലം തടവും പിഴ വേറെയുമാണ് ശിക്ഷ. ആറ് കൊല്ലം മുമ്പ് ശങ്കരന്റെ ഭാര്യ മരിച്ചശേഷം മകനും ഭാര്യക്കും വസന്തത്തിനും ഒപ്പമാണ് ആശാൻ താമസിക്കുന്നത്.

ഒരു ദിവസം ആശാനെ കാണാൻ മകനും, കൊച്ചുമകളും ജയിലിൽ എത്തുകയാണ്. വാസ്തവത്തിൽ ആശാന് ആ സന്ദർശനം ഒട്ടും സന്തോഷം നൽകുന്നില്ല. അതുകൊണ്ട് സംസാരിക്കാനും ആശാന് തീരെ താല്പര്യം ഇല്ല. രണ്ട് മുറിയിൽ ഇരുന്ന് ഫോണിലൂടെയാണ് സംസാരം. അച്ഛന് സുഖം തന്നല്ലേ എന്ന മകന്റെ ചോദ്യത്തിന് ആശാൻ കൊടുക്കുന്ന മറുപടി ഇംഗ്ലീഷ് ഭാഷയിലെ രണ്ട് പദങ്ങൾ കടം എടുത്താൽ Highly loaded ആണ്. 'ഉം.... ഭക്ഷണമുണ്ട്, കിടക്കാൻ കട്ടിലുണ്ട്. ജോലിയെടുത്താ കാശു കിട്ടും. ആർക്കും ഒരു ഭാരമല്ല'. തലമുറകളായി മാതാപിതാക്കൾ വഹിക്കുന്ന നിന്ദനത്തിന്റെ അവഗണനയുടെ, കയ്പേറിയ അനുഭവങ്ങളുടെ ഭാരം മുഴുവൻ ആശാൻ ആ വാക്കിൽ സന്നിവേശിപ്പിച്ചതായി നമുക്കു തോന്നും. കഥ അവസാനിച്ചാലും 'ഭാരം' എന്ന പദം നമ്മെ നൊമ്പരപ്പെടുത്തിക്കൊണ്ടിരിക്കും.

അൽപം വീട്ടുകാര്യങ്ങൾക്കു ശേഷം ആശാൻ മകനോട് പറയുന്ന കാര്യങ്ങൾ വീണ്ടും നമ്മെ സങ്കടത്തിലാക്കും. 'അമ്മേടെ ബലിയിടാൻ മറക്കരുത്. ഉത്രാടത്തിനാണ്. ജലപുഷ്പ സാക്ഷി ഉറപ്പാക്കണം.' ഭാര്യാഭർതൃ ബന്ധത്തിലെ ഇഴയടുപ്പവും, തന്റെ നിസ്സഹായതയും കോറിയിട്ട വാക്കുകൾ നമ്മുടെ മനസ്സിനെ വല്ലാതെ നോവിക്കും. കൊളുത്തി വലിക്കും. തുടർന്ന് കൊച്ചുമകളുമായുള്ള ആശാന്റെ സംഭാഷണമാണ്. ആശാൻ വിളിച്ചു 'വസന്തം' അവൾ കരയാൻ തുടങ്ങി. ആശാൻ വീണ്ടും വിളിച്ചു 'വസന്തം'. അവൾ പൊട്ടിക്കരഞ്ഞു. ആശാൻ പറഞ്ഞു 'മോളെന്തിനാ കരയുന്നേ... മോളേ അച്ഛൻ പറഞ്ഞിട്ടല്ലേ മോളത് പറഞ്ഞത്' ഇത് കേൾക്കുമ്പോൾ ഇടിവെട്ട് കൊണ്ട് സപ്തനാഡികളും തളർന്ന്, തുടർവായന അസാദ്ധ്യമെന്ന രീതിയിൽ നാം ഇരുന്നുപോകും.

എല്ലാം ഒരു കെട്ടുകഥയാണല്ലേ. മകൻ അവളെകൊണ്ടു പറയിപ്പിച്ചതല്ലേ എന്ന് സഹ തടവുകാരൻ ചോദിക്കുമ്പോൾ, കൈമലർത്തി ഒന്നും മിണ്ടാതെ ഇരിക്കുന്ന ആശാൻ, ഒരു വ്യക്തിയല്ല, പലരുടെ പ്രതീകമായി രൂപപ്പെടുന്ന ഒരു ബിംബമായി മാറുകയാണ്. പിതാവിനെ ഒഴിവാക്കാൻ നവയുഗ മകൻ കണ്ടെത്തുന്ന വഴി ഉൽപ്പത്തി പുസ്തകത്തിലെ സർപ്പത്തിന്റെ വഴിയേക്കാൾ കുടിലമായി നമുക്ക് അനുഭവപ്പെടും.

ഞാൻ ചൂണ്ടുക്കാണിച്ച രണ്ട് സംഭവങ്ങളും ഒറ്റപ്പെട്ട ദുരന്തങ്ങളല്ല. മറിച്ച് ആവർത്തിക്കപ്പെടുന്ന ദുരിത കാഴ്ചകളാണ്. ചിലപ്പോൾ അച്ഛൻ മാറി അമ്മ നായികാ സ്ഥാനത്ത് വരുമെന്നു മാത്രം.

ഈ സംഭവങ്ങളുടെ തനിയാവർത്തനം ക്രൈസ്തവ ഭവനങ്ങളിലും സംഭവിക്കുന്നുണ്ട് എന്നത് വർത്തമാനകാല യാഥാർത്ഥ്യമാണ്. നമ്മുടെ വചനപ്രഘോഷണവും, ശിക്ഷണവും, പ്രാർത്ഥനാജീവിതവും ഒന്നും നമുക്ക് ജീവിത ബന്ധിയാവുന്നില്ലേ. സംശയം ബാക്കിയാവുന്നു.

അവിടെയാണ് എനിക്കൊരു ഇടപെടൽ നടത്തുവാനുള്ളത്. മക്കൾക്ക് നാം വീതം കൊടുക്കാറുണ്ട്. സ്ഥലത്തിന്റെയും, സമ്പത്തിന്റെയും വീതം മൂപ്പനുസരിച്ച് നാം പങ്കിട്ട് നൽകും. എന്നാൽ അതിനൊപ്പം ആത്മീയതയുടെ വീതം നാം നൽകാറുണ്ടോ? നിർബന്ധമായും നൽകേണ്ട ഓഹരിയാണത്.

കുടുംബത്തിന്റെ ആത്മീയത നിലകൊള്ളുന്നത് കുടുംബ പ്രാർത്ഥന, വചനവായന ദിവ്യകാരുണ്യ ഭക്തി, ഇടവക ബന്ധം, സഭാജീവിതം, സാഹോദര്യം കൂട്ടായ്മ, കാരുണ്യ പ്രവർത്തനം എന്നിവയിലാണ്. മക്കൾക്ക് ഇവയുടെയും ഓഹരി നിർബന്ധമായും നൽകണം. കൂടാതെ അവ കർശനമായി പാലിക്കണം എന്ന നിഷ്കർഷയും ഉണ്ടാവണം. വിജയപത് സിംഘാനിയാമാരും, ശങ്കരൻ ആശാൻമാരും ആവർത്തിക്കാതിരിക്കാൻ നമ്മുടെ മുമ്പിൽ ഈ വഴി മാത്രമേ ഉള്ളൂ.

പഴയ നിയമത്തിലെ പ്രഭാഷകന്റെ പുസ്തകത്തിലെ 3ാം അദ്ധ്യായം മാതാപിതാക്കന്മാരോടുള്ള മക്കളുടെ കടമകൾ സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. മക്കൾ ചെറുതായിരിക്കുമ്പോൾ തന്നെ ഈ ഭാഗം കുടുംബത്തിലെ വചന വായനയുടെ ഭാഗമാകണം. ഏതാനും വാക്യങ്ങൾ ഞാൻ ഉദ്ധരിക്കാം.

മക്കൾ പിതാവിനെ ബഹുമാനിക്കണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു.

പിതാവിനെ ബഹുമാനിക്കുന്നവൻ തന്റെ പാപങ്ങൾക്കു പ്രായശ്ചിത്തം ചെയ്യുന്നു.

അമ്മയെ മഹത്വപ്പെടുത്തുന്നവൻ നിക്ഷേപം കൂട്ടിവെയ്ക്കുന്നു.

പിതാവിനെ ബഹുമാനിക്കുന്നവൻ ദീർഘകാലം ജീവിക്കും.

പിതാവിന്റെ അനുഗ്രഹം മക്കളുടെ ഭവനങ്ങളെ ബലവത്താക്കും.

അമ്മയുടെ ശാപം അവയുടെ അടിത്തറ ഇളക്കും.

പിതാവിനോടു കാണിക്കുന്ന കാരുണ്യം വിസ്മരിക്കപ്പെടുകയില്ല.

പാപങ്ങളുടെ കടം വീടുന്നതിന് അതുപകരിക്കും.

ഓഹരി പങ്കിടുമ്പോൾ ഈ വിശുദ്ധ ഗ്രന്ഥവാക്യങ്ങൾ കൂടി ആത്മീയ ഓഹരിയായി നൽകാൻ നമുക്ക് ശ്രമിക്കാം. ശ്രദ്ധിക്കാം.





വചനപ്രകാരം 18

പി.എസ്. ചെറിയാൻ

രക്ഷയുടെ ത്രികാല അനുഭവങ്ങൾ

ആത്മീയരക്ഷയെ ഭൂത, വർത്തമാന, ഭാവികാലങ്ങളിൽ അനുഭവവേദ്യമാകുന്ന പ്രക്രിയയായി തിരുവചനത്തിൽ കാണാം. ക്രിസ്തുവിനെ രക്ഷകനായി സ്വീകരിക്കുമ്പോൾ ഒരുവൻ രക്ഷിക്കപ്പെടുന്നു എന്നു പറയുന്നു എങ്കിലും മൂന്നുകാലങ്ങളിൽ നിറഞ്ഞുനില്ക്കുന്ന തുടർമാനമായ രക്ഷയാണിത്.

1. ഭൂതകാലരക്ഷ രക്ഷിക്കപ്പെട്ടു പാപത്തിന്റെ ശിക്ഷയിൽ നിന്നുള്ള വിടുതൽ.
2. വർത്തമാനകാലരക്ഷ രക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു പാപത്തിന്റെ ശക്തിയിൽ നിന്നുള്ള വിടുതൽ.
3. ഭാവികാല രക്ഷ രക്ഷിക്കപ്പെടും പാപത്തിന്റെ സാന്നിദ്ധ്യത്തിൽ നിന്നുള്ള വിടുതൽ.

നീതീകരണം, വിശുദ്ധീകരണം, തേജസ്കരണം എന്നീ വിധത്തിലും ഈ മൂന്ന് അനുഭവങ്ങളെ തരംതിരിക്കാം.

A.ഭൂതകാല രക്ഷ

പാപത്തിന്റെ ശമ്പളം മരണമാണ്. മരണത്തിനു യോഗ്യനായ പാപി, യേശുക്രിസ്തുവിനെ രക്ഷകനും കർത്താവുമായി സ്വീകരിക്കുമ്പോൾ രക്ഷിക്കപ്പെടുന്നു. പാപത്തിന്റെ ശിക്ഷ യേശുക്രിസ്തു ഏറ്റുവാങ്ങിയതിനാൽ പാപത്തിന്റെ ശിക്ഷ ഇനി യേശുവിൽ വിശ്വസിക്കുന്നവർക്കില്ല. ഒരിക്കൽ എന്നേക്കുമായി പാപത്തിന്റെ ശിക്ഷയിൽ നിന്നും ദൈവം വിടുവിക്കുന്നു. 'അതുകൊണ്ടു ഇപ്പോൾ ക്രിസ്തുയേശുവിൽ ഉള്ളവർക്കു ഒരു ശിക്ഷാവിധിയും ഇല്ല' (റോമർ 8:1). 'കൃപയാലത്രേ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു' (എഫെ. 2:5). ഇത് വിശ്വസിച്ചപ്പോൾ സംഭവിച്ചതാണ് (റോമർ 8:24; 2 കൊരി. 2:15, യോഹ. 5:24).

B.വർത്തമാനകാലരക്ഷ

ആത്മരക്ഷ പ്രാപിച്ചവ്യക്തി ശരീരത്തിന്റെ വീണ്ടെടുപ്പുപ്രാപിക്കുന്നതുവരെ ഈ ലോകത്തിലാണ് ജീവിക്കുന്നത്. രക്ഷിക്കപ്പെട്ടു എങ്കിലും ഈ ശരീരത്തിനു മാറ്റം വന്നില്ല. പാപമയമായലോകത്തിലാണ് അവൻ ജീവിക്കുന്നത്. പാപത്തിന്റെ ശക്തി എപ്പോഴും അവനുമായി പോരാട്ടത്തിലാണ്. പാപത്തിന്റെ ശക്തിക്കു വിധേയനായതുകൊണ്ട് അവൻ അനുദിനം രക്ഷിക്കപ്പെട്ടുകൊണ്ടേയിരിക്കണം. '...അവണ്ണം നിങ്ങളും പാപസംബന്ധമായി മരിച്ചവർ എന്നും ക്രിസ്തുയേശുവിൽ ദൈവത്തിനു ജീവിക്കുന്നവർ എന്നും നിങ്ങളെത്തന്നെ എണ്ണുവിൻ' (റോമർ 6:11). പൗലൊസ് വീണ്ടും പറയുന്നു. 'ആകയാൽ പാപം നിങ്ങളുടെ മർത്യശരീരത്തിൽ അതിന്റെ മോഹങ്ങളെ അനുസരിക്കുമാറു ഇനി വാഴരുത്' (റോമർ 6:12

ഒരുവൻ രക്ഷിക്കപ്പെടുന്നത് ആത്മാവിലാണ്. അതുകൊണ്ട് പാപം ചെയ്യാൻ സാധ്യതയില്ലെന്നോ പാപം ചെയ്യുകയില്ലെന്നോ അർഥമില്ല. 'നമുക്കു പാപം ഇല്ല എന്നു നാം പറയുന്നുവെങ്കിൽ നമ്മെത്തന്നെ വഞ്ചിക്കുന്നു; സത്യം നമ്മിൽ ഇല്ലാതെയായി' (1യോഹ. 1:8). ഓരോദിവസവും കർത്താവിന്റെ കൃപയിൽ ആശ്രയിക്കുകയും രക്തത്താൽ ശുദ്ധീകരണം പ്രാപിക്കുകയുമാണ് വേണ്ടത്. നീതിയിലും വിശുദ്ധിയിലും ജീവിക്കുവാൻ പരമാവധി ശ്രമിക്കുകയും ചെയ്യണം. ദൈവവചനം അനുസരിച്ച് ക്രിസ്തുവിന്റെ സ്വഭാവത്തോട് അനുരൂപനാകണം. രക്ഷയെ അനുദിന ജീവിതത്തിൽ പ്രകടിപ്പിക്കുകയും പ്രായോഗികമാക്കുകയും ചെയ്യുന്നതാണ് വർത്തമാനകാല രക്ഷ (റോമർ 12:1,2; ഫിലി. 2:13; റോമർ 6:19).



C.ഭാവികാല രക്ഷ അഥവാ തേജസ്കരണം

ആത്മാവിന്റെ രക്ഷയ്ക്കുശേഷം വിശ്വാസിക്ക് ശരീരത്തിന്റെ വീണ്ടെടുപ്പുണ്ട്. കർത്താവായ യേശുക്രിസ്തുവിന്റെ രണ്ടാംവരവിലാണ് ഇതു സംഭവിക്കുന്നത്. '... തനിക്കായി കാത്തു നില്ക്കുന്നവരുടെ രക്ഷയ്ക്കായി അവൻ പാപം കൂടാതെ രണ്ടാമതും പ്രത്യക്ഷനാകും' (എബ്രാ. 9:27,28) എന്നു നാം കാണുന്നു.

തേജസ്കരണത്തിന്റെയും കർത്താവിനോടുകൂടെ ആയിരിക്കുന്നതിന്റെയും അനുഭവമാണിത്. കർത്താവായ യേശുക്രിസ്തു മദ്ധ്യാകാശത്തിൽ വരുമ്പോൾ സംഭവിക്കുന്ന കാര്യത്തെപ്പറ്റി നാം ഇപ്രകാരമാണു വായിക്കുന്നത്, 'കർത്താവുതാൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗത്തിൽ നിന്നു ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടു കൂടെ ഇരിക്കും' (1 തെസ്സ 4:16,17).

'എന്നാൽ അന്ത്യ കാഹളനാദത്തിങ്കൽ പെട്ടെന്നു കണ്ണിമയ്ക്കുന്നിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടും, കാഹളം ധ്വനിക്കും, മരിച്ചവർ അക്ഷയരായി ഉയിർക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും' (1 കൊരി 15:52).

പാപത്തിന്റെ സാന്നിധ്യവും മരണത്തിന്റെ ശക്തിയും ശരീരത്തിൽ നിന്നു നീങ്ങിപ്പോകുന്ന അനുഭവം പ്രാപിക്കും. അത് നമ്മുടെ രക്ഷയുടെ പൂർത്തീകരണമാണ്. അത് തേജസ്കരണത്തോടെയാണ് സംഭവിക്കുന്നത്.

കർത്താവിന്റെ വരവും ശരീരത്തിന്റെ വീണ്ടെടുപ്പും ഓരോ വിശ്വാസിയുടേയും പ്രത്യാശയാണ്. 'നമ്മുടെ പൗരത്വമോ സ്വർഗത്തിൽ ആകുന്നു. അവിടെ നിന്നു കർത്താവായ യേശുക്രിസ്തു രക്ഷിതാവായിവരും എന്നു നാം കാത്തിരിക്കുന്നു' (ഫിലി. 3:20). എബ്രായർ 11:40; റോമർ 5:10,11; 13:11; ഗലാ. 5:5; 1 തിമൊ. 4:8; തീത്തൊസ് 1:2,3; റോമർ 8:18, 1 യോഹ. 3:2; യോഹ. 14:13 തുടങ്ങിയ വേദഭാഗങ്ങൾ കൂടെ വായിക്കുക.

ജീവിതം



ജെയിൻ എഡ്സൺ

തീരുമാനങ്ങളുടെ ശക്തി

ഒരു കർഷകൻ തന്റെ പറമ്പിലെ ജോലികൾ ചെയ്യിപ്പിക്കാനായി ഒരാളെ ജോലിക്ക് വിളിച്ചു.

ആദ്യമായി അയാൾക്ക് നൽകിയ ജോലി കുതിരത്തൊഴുത്തുകൾ പെയിന്റ് അടിക്കുകയായിരുന്നു. സാധാരണയായി മൂന്ന് ദിവസം എടുക്കുന്ന ഒരു ജോലി. എന്നാൽ കർഷകൻ തിരിച്ചുവന്നപ്പോൾ, ആ മനുഷ്യൻ ഒറ്റ ദിവസം കൊണ്ടുതന്നെ അതെല്ലാം വൃത്തിയായി പൂർത്തിയാക്കിയിരുന്നു.

രണ്ടാമതായി അയാൾക്ക് നൽകിയ ജോലി വിറക് വെട്ടുക എന്നതായിരുന്നു. കാട്ടിൽ പോയി വിറകുകൾ വെട്ടി ശേഖരിച്ചുകൊണ്ടുവരേണ്ട ജോലി. ഏകദേശം നാല് ദിവസമെങ്കിലും വേണ്ടിവരുന്ന പണി. എന്നാൽ ആ മനുഷ്യൻ അതും ഒന്നര ദിവസം കൊണ്ട് തീർത്തു.

മൂന്നാമതായി കർഷകൻ നൽകിയ ജോലി, കൃഷിയിടത്തിലെ കിഴങ്ങുകൾ മൂന്ന് വിഭാഗങ്ങളാക്കി ക്രമീകരിക്കുകയെന്നതായിരുന്നു.

ഒന്ന് വിത്തിനായി മാറ്റിവെക്കണം,

ഒന്ന് ഭക്ഷണത്തിനായി,

മറ്റൊന്ന് വിൽപ്പനയ്ക്കായി.

വളരെ ചെറിയൊരു ജോലി. ഒരു ദിവസം മതിയാകുന്ന പണി.

വൈകുന്നേരം കർഷകൻ തിരികെ വന്നപ്പോൾ കണ്ടത്, ആ മനുഷ്യൻ പണി തുടങ്ങിയിട്ടുപോലുമില്ല എന്നതാണ്. അത്ഭുതപ്പെട്ട കർഷകൻ ചോദിച്ചു:

'ഇത്രയും വലിയ ജോലികൾ അതിവേഗം ചെയ്ത നീ, ഇത്ര ചെറിയ ജോലി എന്തുകൊണ്ട് തുടങ്ങിയില്ല?'

അപ്പോൾ ആ മനുഷ്യൻ മറുപടി പറഞ്ഞു:

'എനിക്ക് കഠിനാധ്വാനം ചെയ്യാൻ കഴിയും. പക്ഷേ തീരുമാനങ്ങൾ എടുക്കാൻ കഴിയുന്നില്ല.'?

ഇന്ന് പലരുടെയും ജീവിതത്തിന്റെ യാഥാർത്ഥ്യവും ഇതുതന്നെയാണ്.

അവർക്കു കഠിനാധ്വാനം ചെയ്യാൻ കഴിയും.

ജോലിക്ക് പോകും

കുടുംബകാര്യങ്ങൾ കൃത്യമായി നോക്കും

സഭായോഗങ്ങളിൽ പങ്കെടുക്കും

പ്രാർത്ഥിക്കും

എന്നാൽ, വിവേകത്തോടും പരിജ്ഞാനത്തോടും കൂടിയ ശരിയായ തീരുമാനങ്ങൾ എടുക്കുവാനോ, എടുത്ത തീരുമാനങ്ങളിൽ ഉറച്ചുനിൽക്കാനോ പലർക്കും കഴിയുന്നില്ല.

അതുകൊണ്ടാണ് ബൈബിൾ പറയുന്നത്:

'ജ്ഞാനം സമ്പാദിക്ക; വിവേകം സമ്പാദിക്ക.'

(സദൃശ്യവാക്യങ്ങൾ 4:5)

ഒരു വ്യക്തി എല്ലാ ദിവസവും വ്യായാമം ചെയ്യണമെന്ന് ഒരു തീരുമാനം എടുത്തുവെന്ന് കരുതുക. ആ തീരുമാനം മാത്രം പോരാ. ഏത് തരത്തിലുള്ള വ്യായാമമാണ് തന്റെ ശരീരത്തിന് അനുയോജ്യം, എന്തെല്ലാം ഉപകരണങ്ങൾ ഉപയോഗിക്കണം, എപ്പോൾ ചെയ്യണം, എങ്ങനെ തുടരണം ഇതെല്ലാം ക്രമീകരിച്ചാൽ മാത്രമേ ആ തീരുമാനം ഫലപ്രദമാകൂ.



ജീവിതത്തിൽ ശരിയായ തീരുമാനങ്ങൾ എടുക്കുമ്പോൾ, അത് വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും അനുഗ്രഹങ്ങൾ കൊണ്ടുവരും. ദൈവത്തെ അനുസരിക്കുക എന്നതും അതുപോലെ ഒരു വലിയ തീരുമാനമാണ്.

ശിംശോൻ: ശക്തിയുണ്ടായിരുന്നു, പക്ഷേ വിവേകം ഇല്ലായിരുന്നു

ബൈബിൾ വായിക്കുമ്പോൾ ശിംശോൻ എന്ന വ്യക്തിയെ നമുക്ക് കാണാം.

ശാരീരിക ശക്തിയിൽ മറ്റെല്ലാവരെയും മറികടന്ന ഒരാൾ.

ഇസ്രായേൽജനത്തെ ഫെലിസ്ത്യരുടെ കയ്യിൽ നിന്ന് രക്ഷിക്കാനായി ദൈവം നൽകിയ അഭിഷേകമായിരുന്നു ആ ശക്തി.

ഒരു ദിവസം ഒരു സിംഹം അവന്റെ നേരെ വന്നപ്പോൾ, ശിംശോൻ അതിനെ വെറും കൈകൊണ്ട് കീറി കൊന്നു.

മറ്റൊരു അവസരത്തിൽ, കഴുതയുടെ ഒരു പച്ച താടിയെല്ല് കൊണ്ട് ആയിരം പേരെ കൊന്നു.

ഒരിക്കൽ പട്ടണവാതിലിന്റെ കതകുകളും കട്ടിലക്കാലുകളും ഓടാമ്പലോടുകൂടെ പറിച്ചെടുത്ത് ചുമലിലേറ്റി മലമുകളിൽ കൊണ്ടുപോയി.

ദൈവാത്മാവിന്റെ ശക്തിയാൽ അനേകം അത്ഭുതങ്ങൾ ശിംശോൻ ചെയ്തു.

എന്നാൽ, ശിംശോന് ശക്തി മാത്രം മതിയായിരുന്നു.

പരിശുദ്ധാത്മാവിന്റെ മാർഗ്ഗനിർദ്ദേശം അവന് ആവശ്യമായിരുന്നില്ല.

ദൈവത്തെ അനുസരിക്കുവാനും, ദൈവം പറഞ്ഞ വേർപെട്ട ജീവിതം നയിക്കുവാനും അവന് താൽപര്യമുണ്ടായിരുന്നില്ല. ജഡിക ആഗ്രഹങ്ങളുടെ പിന്നാലെ നടന്ന ശിംശോൻ, ഒടുവിൽ പാപത്തിലേക്ക് വീണു.

ഫലമായി, ഇസ്രായേൽജനത്തെ പൂർണമായി രക്ഷിക്കുവാൻ അവന് കഴിഞ്ഞില്ല.

പകരം, തെറ്റായ തീരുമാനങ്ങൾ തന്നെ അവനെ ശത്രുക്കളുടെ കയ്യിൽ ഏല്പിച്ചു.

ഫെലിസ്ത്യർ അവനെ പിടികൂടി.

അവന്റെ കണ്ണുകൾ കുത്തിപ്പൊട്ടിച്ചു.

ചെമ്പ് ചങ്ങലകൊണ്ട് ബന്ധിച്ച് കാരാഗൃഹത്തിൽ മാവ് പൊടിക്കുന്ന ജോലിക്കാരനാക്കി.

ശക്തിയേക്കാൾ പ്രധാനമാണ് മാർഗ്ഗനിർദ്ദേശം

അനുഗ്രഹിക്കപ്പെട്ട മാതാപിതാക്കളുടെ മകനായിരുന്നു ശിംശോൻ.

ദൈവാത്മാവിന്റെ ശക്തി കൂടെയുണ്ടായിരുന്നവൻ.

എന്നാൽ, ദൈവം പറഞ്ഞ വിശുദ്ധിയും വേർപെട്ട ജീവിതവും നയിക്കുവാൻ അവൻ താൽപര്യപ്പെട്ടില്ല. അതുകൊണ്ടാണ് അവൻ വേഗത്തിൽ ശത്രുവിന്റെ വലയത്തിൽ അകപ്പെട്ടത്. ഇന്ന് നമ്മളും പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിറഞ്ഞവരാണ്.

എന്നാൽ, ഈ ക്രിസ്തീയ ജീവിതം അനുഗ്രഹങ്ങൾ മാത്രം നേടാനുള്ള മാർഗ്ഗമാണോ? അല്ലെങ്കിൽ പരിശുദ്ധാത്മാവിന്റെ മാർഗ്ഗനിർദ്ദേശത്തിന് വിധേയരാകുന്ന ഒരു ജീവിതമാണോ? വചനം വ്യക്തമായി നമ്മോട് വേർപെട്ട ജീവിതത്തെക്കുറിച്ച് സംസാരിക്കുന്നു.

പരിശുദ്ധാത്മാവിന്റെ മാർഗ്ഗനിർദ്ദേശം സ്വീകരിക്കാതെ പോയാൽ, ആത്മാവിന്റെ ശക്തി നമ്മിൽ ഉണ്ടെങ്കിലും, പിശാച് നമ്മെ പ്രലോഭിപ്പിച്ച് പരാജയത്തിലേക്ക് നയിക്കും.

ഈ ലോകത്തിന്റെ വ്യവസ്ഥകളോട് ചേർന്നുപോകരുത്. വേർപെട്ട ജീവിതം നയിക്കണം. ദൈവത്തെ അനുസരിക്കണം. അപ്പോൾ മാത്രമേ നമ്മുടെ ജീവിതം അവസാനത്തോളം ജയജീവിതമായിരിക്കൂ.

കലാപമൊഴിയാതെ മണിപ്പൂർ!
ആക്രമണത്തിൽ മൂന്ന് പാസ്റ്റർമാർ കൊല്ലപ്പെട്ടു



ഇംഫാൽ: മണിപ്പൂരിൽ ചുരാ ചന്ദ്പൂരിൽ ആക്രമണത്തിൽ മൂന്ന് പാസ്റ്റർമാർ കൊല്ലപ്പെട്ടു. കുക്കി വിഭാഗത്തിൽപ്പെട്ട പാസ്റ്റർമാർ യാത്ര ചെയ്ത വാഹനത്തിന് നേരെ അക്രമികൾ വെടി ഉതിർക്കുകയായിരുന്നു.

ആക്രമണത്തിൽ അനവധി ആളുകൾക്ക് പരുക്കേറ്റിട്ടുണ്ട് എന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. പരുക്കേറ്റവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ചുരാ ചന്ദ്പൂരിൽ നിന്നും കാങ്പോക്പിയിലേക്ക് യാത്ര ചെയ്യുകയായിരുന്ന സംഘത്തിന് നേരെയാണ് ആക്രമണമുണ്ടായത്. തദൗ ബാപ്റ്റിസ്റ്റ് അസോസിയേഷൻ അംഗങ്ങളായ റവറന്റ് വി. സിറ്റ്ലൗ, റവറന്റ് കൈഗൗലെൻ, പാസ്റ്റർ പൗഗൗലെൻ എന്നിവരാണ് കൊല്ലപ്പെട്ടതെന്ന് കുക്കി സംഘടനകൾ അറിയിച്ചു. സംസ്ഥാനത്ത് കുക്കിനാഗ വിഭാഗങ്ങൾക്കിടയിലുണ്ടായ സംഘർഷത്തിന്റെ തുടർച്ചയാണ് ഈ അക്രമണമെന്നാണ് ആരോപണം. ഇരു വിഭാഗങ്ങളും തമ്മിലുള്ള അനുരഞ്ജന ചർച്ചകളിൽ സജീവ പങ്കാളികളായിരുന്നു ആക്രമണത്തിന് ഇരയായത്.

ഏജി യുഎഇ റീജിയൺ മലയാളം ഫെല്ലോഷിപ്പ് ഭാരവാഹികൾ



ഷാർജ: ഏജി യുഎഇ റീജിയൺ മലയാളം ഫെല്ലോഷിപ്പിന്റെ 2026-2028 പ്രവർത്തന വർഷത്തേക്കുള്ള പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

പ്രസിഡണ്ട് : പാസ്റ്റർ ബ്ലെസൺ ചെറിയാൻ, സെക്രട്ടറി : ജോൺ ജോർജ്, ട്രഷറർ : മെൽവിൻ തോമസ്, മിഷൻ കോർഡിനേറ്റർ : ടോം ജോർജ്. കമ്മിറ്റി അംഗങ്ങൾ: പാസ്റ്റർ ജേക്കബ് വർഗീസ്, പാസ്റ്റർ പി.ഡി. ജോയ്കുട്ടി, പാസ്റ്റർ അനീഷ് കെ. ഉമ്മൻ, പാസ്റ്റർ റീജു തരകൻ, പാസ്റ്റർ റെജി സാം, ഓഡിറ്റർ: ജെയിൻ വി ജോൺ. ഫെല്ലോഷിപ്പിന്റെ ആത്മീയ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുമെന്നും സമൂഹത്തിൽ സേവന പ്രവർത്തനങ്ങൾ വിപുലീകരിക്കുമെന്നും ഭാരവാഹികൾ അറിയിച്ചു.

ഐപിസി താനെ ഡിസ്ട്രിക്ടിന് പുതിയ ഭരണ സമിതി



മുംബൈ: ഐപിസി മഹാരാഷ്ട്ര സ്റ്റേറ്റിൽ താനെ ഡിസ്ട്രിക്ട് 31-ാമത് ജനറൽ ബോഡി 03-05-2026ൽ ഐപിസി എബനേസർ കല്യാൺ സഭയിൽ വച്ച് കൂടി 2026-27 പ്രവർത്തന വർഷത്തേക്കുള്ള പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു.


പ്രസിഡൻറ് പാസ്റ്റർ കെ. എം.വർഗ്ഗീസ് , വൈസ് പ്രസിഡൻറ് പാസ്റ്റർ എം.ജെ. സാബു, സെക്രട്ടറി പാസ്റ്റർ സാംകുട്ടി ഏബ്രഹാം, ജോയിൻറ് സെക്രട്ടറി ബ്രദർ തോമസ് കെ. ജോർജ്, ട്രഷറർ ബ്രദർ വർഗ്ഗീസ് മാത്യു. കമ്മിറ്റി മെംബേഴ്സ് ആയി പാസ്റ്റർമാരായ എൽ ഐസക്, പി. സി. വർഗ്ഗീസ്, സിന്റോ വർഗ്ഗീസ്, യേശുദാസ് ബെന്നി, കെ. സി. മാത്യു എന്നിവരേയും സഹോദരന്മാരായ സാജൻ സാമുവേൽ , സജി തോമസ്, എം.സി. വർഗ്ഗീസ്, ജെയിംസ് ജോർജ്, സിറിൽ എസ് സജി എന്നിവരേയും ഇന്റർനാഷണൽ ഓഡിറ്റർ ആയി ബ്രദർ എൽ. സൈമണെയും തെരഞ്ഞെടുത്തു.

യുവ ക്രൈസ്തവരിൽ ബൈബിൾ വായനയും സ്വാധീനവും വർദ്ധിക്കുന്നു; പുതിയ ഗ്ലോബൽ സർവ്വേ ഫലം



ലണ്ടൻ: ലോകമെമ്പാടുമുള്ള യുവജനങ്ങളായ ക്രൈസ്തവരിൽ ബൈബിളിൽ താൽപര്യം വർദ്ധിക്കുന്നതായി പുതിയ ആഗോള സർവേ ഫലം. 15 മുതൽ 30 വയസ്സ് വരെ പ്രായമുള്ളവരുടെ ഇടയിൽ വിശുദ്ധ ഗ്രന്ഥത്തെ കുറിച്ചുള്ള മനോഭാവത്തെ പഠിച്ച പത്മോസ് യൂത്ത് റിപ്പോർട്ടിലാണ് ഇക്കാര്യം ചൂണ്ടിക്കാണിച്ചിരിക്കുന്നത്. പത്മോസ് ഇനിഷ്യേറ്റീവ്, യുണൈറ്റഡ് ബൈബിൾ സൊസൈറ്റി എന്നിവയുമായി സഹകരിച്ച് പ്രമുഖ സർവ്വേ ഏജൻസിയായ ഗാലപ്പാണ് സർവേ നടത്തിയിരിക്കുന്നത്. 85 രാജ്യങ്ങളിലും വിവിധ പ്രദേശങ്ങളിലുമായി ഏകദേശം 91,000 ആളുകളിൽ നിന്ന് ഗവേഷകർ പ്രതികരണങ്ങൾ ശേഖരിച്ചു. ഇതിൽ ഏകദേശം 28,700 യുവജനങ്ങളുണ്ടെന്നു ഗവേഷക ഏജൻസി റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചു. റിപ്പോർട്ട് അനുസരിച്ച്, 18നും 24നും ഇടയിൽ പ്രായമുള്ള ക്രൈസ്തവ യുവജനങ്ങൾ, മുൻകാല യുവതലമുറകളെക്കാൾ കൂടുതൽ പതിവായി ബൈബിൾ വായിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നുണ്ടെന്ന് സർവ്വേയിൽ പറയുന്നു. ലോകമെമ്പാടുമുള്ള യുവജന ക്രിസ്ത്യാനികളിൽ പകുതിയോളം പേർ എല്ലാ ആഴ്ചയും ബൈബിൾ വായിക്കാനോ പഠിക്കാനോ സമയം കണ്ടെത്തുന്നുവെന്നും സർവ്വേ ചൂണ്ടിക്കാട്ടുന്നു. തങ്ങളുടെ വിശ്വാസം ചർച്ച ചെയ്യുന്നതിലും ബൈബിൾ സംഭവങ്ങൾ മറ്റുള്ളവരുമായി പങ്കുവെക്കുന്നതിലും പലരും ആത്മവിശ്വാസം പ്രകടിപ്പിച്ചു.

ലാറ്റിൻ അമേരിക്ക, സബ് സഹാറൻ ആഫ്രിക്ക തുടങ്ങിയ പ്രദേശങ്ങളിൽ, ദൈനംദിന ജീവിതത്തിൽ ദൈവവിശ്വാസം ഒരു പ്രധാന പങ്ക് വഹിക്കുന്നത് തുടരുന്നതിനാൽ, മേഖലയിൽ ബൈബിളിന് ശക്തമായ സ്വാധീനമുണ്ടെന്നും കണക്കുകൾ ചൂണ്ടിക്കാട്ടുന്നു. ആഗോളതലത്തിൽ, 81 ശതമാനം ക്രൈസ്തവ യുവജനങ്ങളും വിശ്വാസം തങ്ങൾക്ക് വ്യക്തിപരമായി പ്രധാനമാണെന്ന് ഏറ്റുപറയുന്നുണ്ടെന്ന് ഗവേഷക ഏജൻസി റിപ്പോർട്ടിൽ പറയുന്നു. ആഗോളതലത്തിൽ സർവ്വേയിൽ പ്രതികരിച്ചവരിൽ ക്രിസ്ത്യാനികളല്ലാത്തവർ ഉൾപ്പെടെ 70% പേരും ബൈബിളിലെ സംഭവകഥകൾ കുട്ടികൾക്ക് വിലപ്പെട്ടതാണെന്ന് സമ്മതിക്കുന്നവരാണെന്നും ചൂണ്ടിക്കാണിക്കുന്നു.



DEEPTHI BOOK HOUSE
Planthottam Complex, Thiruvalla - 689 101
പുസ്തകം ലഭിക്കാൻ പേരും മേൽവിലാസവും
9961720195 നമ്പരിൽ വാട്ട്സ്ആപ്പ് ചെയ്യുക

THENILUM MADHURAM
#thenilum madhuram
ക്രിസ്തീയ യൂട്യൂബ് ചാനൽ (മാത്യൂസ് തിരുവല്ല)
ക്രിസ്തീയ/മലയാളം പ്രോഗ്രാമുകൾ
കേൾക്കാനും കാണാനും
അനുഗ്രഹം പ്രാപിക്കാനും

ഞങ്ങളുടെ ഈ യൂട്യൂബ് ലിങ്ക് സന്ദർശിക്കുക
ഫോളോ ചെയ്യുക മറ്റുള്ളവരിലും എത്തിക്കുക...
www.youtube.com/@mathewsthiruvalla | 9447795990
മരുപ്പച്ച വെബ്സൈറ്റിൽ www.maruppacha.com
Email: maruppacha @gmail.com Whatsapp: 9961720195

മുങ്ങിക്കപ്പലും 'മുങ്ങിയ' കപ്പലും!



എ.ഐ. ജോർജ്ജുകുട്ടി
aigeorgekutty@gmail.com
9496597766

ഇറാനുമായുള്ള അമേരിക്ക-യിസ്രായേൽ യുദ്ധം നിമിത്തം പേർഷ്യൻ ഉൾക്കടലിലൂടെയുള്ള കപ്പൽഗതാഗതം തടസ്സപ്പെട്ടിരിക്കുകയാണ്. ലോകത്തിലെ അനേകം രാജ്യങ്ങളിലേക്കുള്ള പെട്രോളിയം ഉല്പന്നങ്ങളുൾപ്പെടെയുള്ള ചരക്കുനീക്കം നടക്കുന്ന സുപ്രധാന വാണിജ്യ ഇടനാഴിയാണ് പേർഷ്യൻ ഉൾക്കടൽ. ഇറാന് സമീപമുള്ള ഹോർമൂസ് കടലിടുക്കിലൂടെയാണ് ഈ പാത. യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ ഇതുവഴി പോകുന്ന കപ്പലുകളെ ഇറാൻ ആക്രമിക്കുന്ന സ്ഥിതിയുണ്ട്. ഇവിടെവച്ച് ഇന്ത്യയുടെ ഒരു ചരക്കുകപ്പൽ ചിലദിവസങ്ങൾക്ക് മുമ്പ് ആക്രമിക്കപ്പെട്ടു. കപ്പൽ പൂർണ്ണമായി മുങ്ങിപ്പോയെങ്കിലും ഭാഗ്യവശാൽ അതിലെ ജോലിക്കാർ എല്ലാവരും രക്ഷപ്പെട്ടുവെന്നാണ് വാർത്ത. ഇപ്പോൾ അമേരിക്കയുടെ കപ്പലുകൾ ഈ സ്ഥാനത്തിന് സമീപം നിലയുറപ്പിച്ച് ഉപരോധം തീർത്തിരിക്കുന്നതിനാൽ മേഖലയിൽ സംഘർഷം നിലനില്ക്കുന്നു. ഇതിനിടയിലാണ് ഹോർമൂസ് കടലിടുക്കിലൂടെ കടന്നുപോകുന്ന കപ്പലുകൾക്ക് ഇറാൻ ചുങ്കം പിരിക്കുമെന്ന വാർത്ത കൂടെ വരുന്നത്. ഇത് സംഘർഷം മൂർച്ഛിക്കാൻ ഇടയാക്കിയേക്കും.

പണ്ടുകാലത്തെ പായ്ക്കപ്പലുകൾക്കും പിന്നീട് വന്ന ആവിക്കപ്പലുകൾക്കുമെല്ലാം ശേഷം ഇപ്പോൾ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ പടുകൂറ്റൻ യാത്രക്കപ്പലുകളും യുദ്ധക്കപ്പലുകളും ചരക്കുകപ്പലുകളുമെല്ലാം വിശാലമായ സമുദ്രത്തിന്റെ വിരിമാറിലൂടെ ശക്തമായ തിരമാലകളെയും മഞ്ഞുകട്ടകൾ പോലുള്ള പ്രതികൂലങ്ങളെയും കൊടുങ്കാറ്റുകളെയുമെല്ലാം അതിജീവിച്ചുകൊണ്ട് സഞ്ചരിക്കുന്നു. ഇതിൽനിന്നെല്ലാം വ്യത്യസ്ഥമായി പുറമെ കാണാൻ കഴിയാത്ത യുദ്ധക്കപ്പലുകളുടെ വിഭാഗത്തിൽപ്പെടുന്ന 'മുങ്ങിക്കപ്പൽ' എന്ന് നാം വിളിക്കുന്ന അന്തർവാഹിനികളും സമുദ്രത്തിന്റെ ആഴങ്ങളിലൂടെ സഞ്ചരിക്കുന്നുണ്ട്. തിമിംഗലങ്ങളുടെ ശരീരഘടനയുമായി സാമ്യമുള്ള വിധം രൂപകല്പന ചെയ്യപ്പെട്ടിട്ടുള്ള ഇത്തരം കപ്പലുകൾ ശത്രുക്കളുടെ കപ്പലുകളെ തകർക്കാൻ കഴിയുന്ന ടോർപിഡോ പോലുള്ള ആയുധങ്ങൾ ഘടിപ്പിച്ചവയാണ്. ഇത്തരം അന്തർവാഹിനികൾ പലപ്പോഴും സമുദ്രത്തിന്റെ ആഴങ്ങളിൽവച്ച് അപകടത്തിൽപ്പെട്ട വലിയ ദുരന്തങ്ങൾ ഉണ്ടായിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ട ഒന്നാണ് സൈനീകാഭ്യാസങ്ങൾക്കിടെ 1963 ഏപ്രിൽ 10-ന് സ്ഫോടനത്തിൽ തകർന്ന യു.എസ്. എസ് ത്രഷർ എന്ന ആണവായുധ പോർമുനകളുള്ള അമേരിക്കൻ അന്തർവാഹിനിയുടേത്. ഈ സംഭവത്തിൽ 129 നാവികരാണ് മരിച്ചത്.



പിന്നീട് പലപ്പോഴും സോവ്യറ്റ് യൂണിയന്റെയും അമേരിക്കയുടെയും പല അന്തർവാഹിനികളും കടലിനടിയിൽവച്ച് സ്ഫോടനത്തിൽ തകരുകയും അതിലെ നൂറുകണക്കിന് നാവികർ കൊല്ലപ്പെടുകയും ചെയ്തിട്ടുണ്ട്. അതു കൂടാതെ സമുദ്രത്തിന്റെ ആഴങ്ങളിൽവച്ച് അപ്രത്യക്ഷമായ അന്തർവാഹിനികളും ഉണ്ട്. അവയെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. അതിലെ യാത്രക്കാരെപ്പറ്റി യാതൊരു വിവരവും ലഭിച്ചിട്ടില്ല.

മുങ്ങിക്കപ്പലായാലും ഉപരിതലത്തിലൂടെ സഞ്ചരിക്കുന്നവയായാലും സുരക്ഷിതമായി ലക്ഷ്യസ്ഥാനത്ത് എത്തണമെങ്കിൽ ജാഗ്രത പുലർത്തേണ്ടതുണ്ട്. അന്തർവാഹിനികൾ പലതും അപകടത്തിൽപ്പെട്ടത് അതിന്റെ സംവിധാനങ്ങൾ പ്രവർത്തിപ്പിക്കുന്നവരുടെ സൂക്ഷ്മതക്കുറവു മൂലമാണെന്ന് അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്.

കാറ്റിന്റെ ശക്തികൊണ്ട് ഓടുന്ന പായ്ക്കപ്പലുകൾ മാത്രം ഉണ്ടായിരുന്ന പുരാതന കാലത്ത് മെഡിറ്ററേനിയൻ കടലിലൂടെയുള്ള സുഗമമായ കപ്പൽഗതാഗത സംവിധാനം നിലവിൽ വന്നത് റോമാ സാമ്രാജ്യത്തിന്റെ ആദ്യ ചക്രവർത്തിയായ അഗസ്റ്റസ് സീസറിന്റെ ഭരണത്തിൻകീഴിലാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആ കാലഘട്ടത്തിൽ അനേകം കപ്പൽയാത്രകൾ ചെയ്തിട്ടുള്ള മിഷനറിയായ അപ്പോസ്തലനായ പൗലോസ് മനുഷ്യരുടെ ആത്മീയ ജീവിതത്തെ കപ്പൽയാത്രയോട് ഉപമിച്ച് പറഞ്ഞിട്ടുണ്ട്. തിമോഥിയോസിന് എഴുതുന്നു: "നീ വിശ്വാസവും നല്ല മനഃസാക്ഷിയും ഉള്ളവനായി അവയെ അനുസരിച്ച് നല്ല യുദ്ധസേവ ചെയ്യുക. ചിലർ നല്ല മനഃസാക്ഷി തള്ളിക്കളഞ്ഞിട്ട് അവരുടെ വിശ്വാസക്കപ്പൽ തകർന്നുപോയി. ഹുമനയോസും അലക്സന്തരും ഈ കൂട്ടത്തിൽ ഉള്ളവരാകുന്നു..." (1തിമോ. 1:18-20).

കേരളത്തിലെ നിയമസഭയിൽ കുറെ വർഷം മുമ്പ് ഭരണകക്ഷിയിലെ ഒരു വനിതാ അംഗം എഴുന്നേറ്റ് സർക്കാരിനെ പുകഴ്ത്തിക്കൊണ്ട് കപ്പലിനോട് ഉപമിച്ച് "ഈ കപ്പൽ ആടിയുലയുകയില്ല സർ, കാരണം ഇതിന് ഒരു കപ്പിത്താൻ ഉണ്ട്" എന്ന് പ്രസംഗിക്കുകയുണ്ടായി. അവരുടെ വാക്കുകൾ പലപ്പോഴും പല സന്ദർഭത്തിലും ചർച്ച ചെയ്യപ്പെടുകയും പരിഹാസത്തിന് നിദാനമാവുകയും ചെയ്തു. വാസ്തവത്തിൽ അവർ പറഞ്ഞതിൽ അല്പം അപാകതയുണ്ട്. ഓരോ കപ്പലിനും അതിനെ നിയന്ത്രിക്കുന്ന കപ്പിത്താൻ ഉണ്ടായിരിക്കും. എന്നാൽ അതുകൊണ്ട് മാത്രം അത് ആടിയുലയുകയില്ലെന്ന് വിചാരിക്കുന്നത് അബദ്ധവും അമിതമായ ആത്മവിശ്വാസവുമാണ്. 1912 ഏപ്രിൽ 14-ന് അർദ്ധരാത്രിയിൽ അറ്റ്ലാന്റിക് സമുദ്രത്തിന്റെ ആഴങ്ങളിൽ 1500-ലധികം യാത്രക്കാരുടെ ജീവൻ പൊലിയുവാൻ ഇടയാക്കിയ പ്രസിദ്ധമായ ടൈറ്റാനിക് കപ്പലിന്റെ ദുരന്തം സംഭവിച്ചത് കപ്പിത്താൻ ഇല്ലാഞ്ഞിട്ടല്ല, കപ്പലിന് നേർക്ക് വരുന്ന വലിയ മഞ്ഞുകട്ടയെപ്പറ്റിയുള്ള മുന്നറിയിപ്പുകൾ അവഗണിച്ചതിനാലാണല്ലോ. ഏത് സർക്കാരാണെങ്കിലും അതിന്റെ ക്യാപ്റ്റൻ ആരുതന്നെയാണെങ്കിലും മുങ്ങാതെ ലക്ഷ്യത്തിലെത്തുവാൻ വളരെ ജാഗ്രത ആവശ്യമാണ്.

ഓരോ സഭയും ഓരോ കുടുംബവും കപ്പലുകൾ പോലെയാണ്. 107-ാം സങ്കീർത്തനത്തിൽ 'കപ്പൽ കയറി സമുദ്രത്തിൽ ഓടിയവർ, പെരുവെള്ളങ്ങളിൽ വ്യാപാരം ചെയ്തവർ' കൊടുങ്കാറ്റിലും തിരമാലയിലും പെട്ട് വലഞ്ഞതിനെപ്പറ്റി വിവരിക്കുന്നുണ്ട്. "അവർ ആകാശത്തിലേക്ക് ഉയർന്നു, ആഴത്തിലേക്ക് താണു, അവരുടെ പ്രാണൻ കഷ്ടത്താൽ ഉരുകിപ്പോയി...അവർ തങ്ങളുടെ കഷ്ടതയിൽ യഹോവയോട് നിലവിളിച്ചു. അവൻ അവരെ അവരുടെ ഞെരുക്കങ്ങളിൽനിന്ന് വിടുവിച്ചു... അവർ ആഗ്രഹിച്ച തുറമുഖത്ത് അവൻ അവരെ എത്തിച്ചു..." എന്ന് കാണുന്നു (വാക്യം 23-30). നമ്മുടെ കപ്പൽ ഇതുവരെ തകർന്നില്ല എന്നതിൽ നമുക്ക് പുകഴുവാൻ ഒന്നുമില്ല. ദൈവത്തിൽ ആശ്രയിച്ച് ലക്ഷ്യത്തിലെത്താൻ ഇടയാകണം. നിയമങ്ങൾ പാലിച്ചും സൂക്ഷ്മത പുലർത്തിയും മുന്നറിയിപ്പുകൾ അവഗണിക്കാതെ തക്കസമയത്ത് വേണ്ടുന്ന മുൻകരുതലുകൾ എടുത്തുകൊണ്ടുമാണ് നമ്മുടെ യാത്ര തുടരേണ്ടത്. നയിക്കുന്നവർക്കു മാത്രമല്ല, ഒപ്പം കൂടിയിരിക്കുന്ന സഹപ്രവർത്തകർക്കും ഏക ലക്ഷ്യം ഉണ്ടായിരിക്കണം, ഇല്ലെങ്കിൽ മുങ്ങിക്കപ്പലുകൾ പലതും 'മുക്കി'യതുപോലത്തെ ദുരന്തങ്ങൾ സംഭവിക്കാം.

അമേരിക്ക ദൈവത്തിന്റെ കരങ്ങളിൽ

(പേജ് 1 തുടർച്ച)

ജനം തങ്ങളെ തന്നെ എളിമപ്പെടുത്തി പ്രാർത്ഥിക്കുകയും തങ്ങളുടെ ദുർമാർഗ്ഗങ്ങളിൽ നിന്ന് പിന്തിരിയുകയും ചെയ്താൽ ഞാൻ സ്വർഗ്ഗത്തിൽ നിന്ന് അവരുടെ പ്രാർത്ഥന കേട്ട് അവരുടെ പാപങ്ങൾ ക്ഷമിക്കുകയും അവരുടെ ദേശം സമ്പുഷ്ടമാക്കുകയും ചെയ്യും.' ഈ ബൈബിൾ ഭാഗം വായിച്ചുകൊണ്ട് അമേരിക്കൻ പ്രസിഡന്റ് റൊണാൾഡ് ട്രംപ് നടത്തിയ വീഡിയോ സന്ദേശം പരിപാടിയിൽ പ്രദർശിപ്പിച്ചു.

'ദൈവവിശ്വാസം അമേരിക്കൻ ചരിത്രത്തിന്റെ കേന്ദ്രബിന്ദുവാണെന്ന് കർദിനാൾ തിമോത്തി ഡോളൻ പ്രസംഗത്തിൽ പറഞ്ഞു. ദൈവത്തിലുള്ള വിശ്വാസമാണ് നമ്മുടെ മഹത്വത്തിന്റെ അടിസ്ഥാനം. യഥാർത്ഥ ദേശസ്നേഹികൾ ദൈവമക്കൾ ആണെന്ന് നമ്മുടെ പൂർവികരായ സ്ഥാപകർ മനസ്സിലാക്കിയിരുന്നു.' അദ്ദേഹം ഓർമ്മിപ്പിച്ചു.

യുഎസ് വൈസ് പ്രസിഡന്റ് ജെ ഡി വാൻസ്, സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ, ബിഷപ്പ് റോബർട്ട് ബാരൻ തുടങ്ങിയവർ സമ്മേളനത്തിൽ പങ്കെടുത്തു. അമേരിക്കയുടെ 250-ാം സ്വാതന്ത്ര്യദിന വാർഷിക ആഘോഷങ്ങളുടെ (ഫ്രീഡം 250) മുന്നോടിയായി നടന്ന ചടങ്ങാണിത്.

ലോകമെമ്പാടുമുള്ള അമേരിക്കൻ എംബസികൾ വഴി പ്രത്യേക കാമ്പയിനുകളും ആഘോഷങ്ങളും നടക്കും. അമേരിക്കയുടെ ചരിത്ര മൂല്യങ്ങളും ദൈവവിശ്വാസവും ലോകത്തോടു വിളംബരം ചെയ്യുവാനുള്ളതാണ് ഇത്തരം സമ്മേളനങ്ങൾ. ആർപ്പുവിളികളും സംഗീതവും പതിനായിരങ്ങളിൽ ആവേശവും പ്രത്യാശയും ഉണർത്തിയതായിരുന്നു വാഷിംഗ്ടണിലെ ഈ ഒത്തുചേരൽ.

നോർത്ത് അമേരിക്കൻ ദൈവസഭകളുടെ....

(പേജ് 1 തുടർച്ച)

സഭകളിലെ ദൈവദാസന്മാർക്കൊപ്പം അതിഥികളായ ദൈവദാസന്മാർ റെജി ശാസ്താംകോട്ട, ഷിബു തോമസ് (ഒക്കലഹോമ) അനീഷ് തോമസ് (കേരളം) ഗ്ലാഡ്സൺ വർഗീസ് (യു.എ.ഇ) എന്നിവർക്കു പുറമെ അമേരിക്കയിൽ അറിയപ്പെടുന്ന ഉണർവ് പ്രസംഗകരായ ടോണി സ്റ്റുവാർട്ട്, ബോബി ആൻഡ്രൂസ് എന്നിവരും ദൈവവചനം പങ്കിടും. യുവാക്കൾക്കും കുട്ടികൾക്കും പ്രത്യേകം മീറ്റിങ്ങുകൾ ക്രമീകരിച്ചിട്ടുണ്ട്.

കോളറാഡോയുടെ പർവ്വത നിരകളുടെ മനോഹാരിതയും ഒപ്പം ആത്മീയ കൂട്ടായ്മയുടെ സന്തോഷവും ഒന്നിച്ചനുഭവിക്കുവാൻ എല്ലാവരെയും സംഘാടകർ ക്ഷണിക്കുന്നു.

ഡോ. ഏഴംകുളം സാംകുട്ടിയെ അനുസ്മരിച്ച് സർഗസമിതി

(പേജ് 1 തുടർച്ച)

ച്ചു. ചർച്ച് ഓഫ് ഗോഡ് കേരള സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ഷാജി ഇടുക്കി, സർഗസമിതി സെക്രട്ടറി പി.എസ്.ചെറിയാൻ എന്നിവർ അനുസ്മരണ പ്രഭാഷണങ്ങൾ നടത്തി. ഗായകൻ മാത്യു ജോൺ, ഏബൽ മാത്യു എന്നിവർ ഡോ. ഏഴംകുളം സാംകുട്ടി എഴുതിയ ഗാനങ്ങൾ ആലപിച്ചു.

സ്റ്റെർല ലൂക്ക്, സി.വി.വടവന, സാംകുട്ടി ചാക്കോ നിലമ്പൂർ, പാസ്റ്റർ എബ്രഹാം മാത്യൂ, ജോജി ഐപ്പ് മാത്യൂസ്, സജി നടുവത്ര, വിജോയ് സ്കറിയ പെരുമ്പെട്ടി, ജയ് തോമസ് മാലിയിൽ എന്നിവർ പ്രസംഗിച്ചു. യുഎസിലെ ലൂസിയാനയിൽ അന്തരിച്ച ഡോ. ഏഴംകുളം സാംകുട്ടിയുടെ സംസ്കാരം 16 നു ശനിയാഴ്ച്ച അവിടെ നടന്നു.

മരുപ്പച്ച വാട്ട്സ് ആപ്പിൽ ലഭിക്കും
മരുപ്പച്ച പത്രത്തിന്റെ പിഡിഎഫ് വാട്സാപ്പിൽ ലഭ്യമാണ്. നിങ്ങൾക്ക് ലഭിക്കുന്ന മരുപ്പച്ചയുടെ പിഡിഎഫ് സുഹൃത്തുക്കൾക്ക് അയച്ചു കൊടുത്ത് ഈ ശുശ്രൂഷയിൽ സഹകരിക്കുക. മരുപ്പച്ചയുടെ പിഡിഎഫ് സൗജന്യമായി ലഭിക്കുവാൻ ആവശ്യപ്പെടുക.
9961720195

RE LOCATE TO DALLAS FOR YOUR DREAM HOUSE !!!
CALL REALTOR
MATHEW C. SAMUEL
SFR, ABR, SRES, SRS, GRI, AHWD
469 258 8118 - cell
BEAM REAL , ESTATE LLC
14455 WEBB CHAPEL RD
DALLAS TX 75234
Tel: 9724846644, msamuel7@yahoo.com,
www.beamrealestate.com

ചെന്നൈയിൽ മലയാളം ആരാധന
Pastor. C.K. Reji
ചെന്നൈയിൽ പുതിയതായി വരുന്നവരെ മലയാളം ആരാധനയിലേക്ക് സ്വാഗതം ചെയ്യുന്നു.
സ്ഥലം Chromepet, Airport നും Tambaram ത്തിനും നടുക്ക് Church of God (Full Gospel)
In India No: 25/2 New colony 13th cross street
Chromepet Chennai - 44
SUNDAY CLASS 9- 10 AM
MALAYALAM WORSHIP 10 AM - 12.30 PM
Phone - 22411060, Mob: 9382599333

MM 53/26 Syrian Christian Pentecostal parents invite proposals for their daughter, 25, DOB : 20/07/2000, 164 cm, 52 kg, BTech(Computer Science) , Worked as Quality Assurance Engineer for 1 year and 7 months, Now pursuing Masters in Engineering Management from La Trobe University, Melbourne, Australia (Final Year). Seeking proposals from boys who is baptized, well-educated, and professionally qualified. Preference to those who are settled in Australia.

9446685615

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM52/26 Pentecostal boy, 26, (March 1999), 183cm, Msc International Business Management with Project Management - Kingston University London. B.Com. Kristu Jyoti College Changanacherry. Current Profession: Team Leader@No1 Lounges Ltd, Heathrow Airport London. With prayers and God's guidance, our family is looking for God fearing, educated, baptized Pentecost girl who is warm-hearted, understanding, positive and rooted in Christian faith. Preference for someone settled or working abroad.

Phone father: +919447008566
Mother: +919446867777

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM51/26 ചേരമർ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി. 28 വയസ്സ്, 153 സെ.മീ. ഉയരം. ഡി. എം.എൽ. റ്റി., ലാബ്ടെക്നീഷ്യനായി ജോലി. സ്വദേശത്തോ വിദേശത്തോ ജോലിയുള്ള യുവാക്കളുടെ മാതാപിതാക്കളിൽനിന്നും അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

8301892407, 8330814516

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM50/26 യു.എ.ഇയിൽ ഫാർമസിസ്റ്റായി ജോലിയുള്ള, ഹൈന്ദവ പശ്ചാത്തലത്തിൽ നിന്നും പെന്തെക്കോസ്ത് വിശ്വാസം സ്വീകരിച്ച യുവതി. 30 വയസ്സ്, 158 സെ.മീ. ഉയരം. ബി.ഫാം. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. വിദേശത്ത് ജോലി യുള്ളവർക്ക് മുൻഗണന.

8921587858

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM49/26 Syrian Christian Pentacostal parents invite proposals for their daughter, brought up in Delhi NCR (born on 28th August 1999, 5.3 feet tall) who is currently employed in Pune. She has acquired her MBA from Christ University and B.Com from Delhi University. Seeking a born again, god fearing, professionally qualified and employed boy (preferably outside Kerala) with strong ethical and spiritual values rooted in Christ. If interested, kindly contact:

9582005717, 8800204684

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM48/26 മധ്യ തിരുവിതാംകൂറിലെ സ്വകാര്യ മെഡിക്കൽ കോളജ് ആശുപത്രിയിൽ ഡോക്ടറായി പ്രാക്റ്റീസ് ചെയ്യുന്ന ചേരമർ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി. 26 വയസ്സ്, 5',3' ഉയരം. എം.ബി.ബി.എസ്. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

8921587858

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM47/26 നായർ സമുദായത്തിൽനിന്നും പെന്തെക്കോസ്ത് വിശ്വാസം സ്വീകരിച്ച യുവാവ്. 35 വയസ്. പുനർവിവാഹം. 170 സെ.മീ. ഉയരം. മാൾട്ടയിൽ എൻജിനിയറിംഗ് ടെക്നീഷ്യൻ. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

9645681023, 7025423796

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM46/26 Syrian Christian Pentacostal parents invite proposals for their daughter, brought up in Delhi NCR (born on 28th August 1999, 5.3 feet tall) who is currently employed in Pune. She has acquired her MBA from Christ University and B.Com from Delhi University. Seeking a born-again, god-fearing, professionally qualified and employed boy (preferably outside Kerala) with strong ethical and spiritual values rooted in Christ. If interested, kindly contact:

9582005717, 8800204684

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM45/26 Upper-middle-class Syrian Christian Pentecostal parents invite proposals for their son, Dob: 03/09/1988, 165 cm B. Tech (CS). Currently an IT Manager at Consumerfed, Ernakulam. The groom has a fair complexion, belongs to the Church of God and hails from Konni. He is looking for a God-fearing, baptized, educated, and family-oriented bride.

Ph. +919495026157

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM44/25 Pentecostal parents invite proposal for our daughter (Minimal Ornament Wearing) 29 years, 5' 1", 13/3/1996. Professional qualifications- Masters in Development studies and Bachelor's in social work. Presently working in Bangalore. Parents of God fearing, professionally qualified and employed boys, in India or abroad please contact by phone

WhatsApp +9181130 34181 or email ptk0371@gmail.com

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖



MM42/25 Syrian Chrstian Pentacostal girl 36, 5"2" (20.4.1989) M.Sc Nurse working (associate professor) seeking suitable alliance

Ph: 7025528037

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM41/25 Syrian Christian Pentecostals parents from Chennai, invite proposal for their son, 25 (January 2000), 182 cm, B E from Anna University, MBA (University of East London) Currently working at NHS Barts Health as Maternity Admin, UK. Seeking suitable alliance from parents of spiritual and educated girls in India or abroad.

Ph: 9444951080, 9382599333
ckreji@gmail.com, ckreji@hotmail.com

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM40/25 Syrian Christian Pentecostal parents (Govt. Employed) invite suitable proposals for their daughter, 26,(DOB-28/12/1998), 167cm, fair, MA(Eng. Lit), B Ed. and presently pursuing Bank/ Govt.tests,from parents of employed Pentecost boys.

Mob-9446909546, 9400751030.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM38/25 പെന്തെക്കോസ്തു വിശ്വാസിയായ മിശ്രവിവാഹിതരുടെ മകൾ 27 വയസ്സ്. M.Com (M. N.C. Deloit Hydarabad) അനുയോജ്യമായ വിവാഹാലോചനകൾ രക്ഷിതാക്കളിൽ നിന്ന് ക്ഷണിച്ചുകൊള്ളുന്നു.

Ph: 9447579497, 9447863308

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM37/25 Syrian Christian Pentecostals parents from Kozhanchery, invite proposal for their son 34, 178cm, MSc Biotechnology, working at Bangalore. Innocent divorcee. Seeking suitable alliance from spiritual and educated girls from India or abroad.

Ph. +91 98471 86700, 9656223322, 8281150000

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM36/25 Syrian Christian Pentacostal parents, Kottayam, invite proposal for there son 28, DOB 11-2-1997. 170cm. Completed Bachelors and currently working as Automobile Diagnostic Technician at Kottayam. Seeking Suitable alliances from Spiritual and Professional qualified girls from India or Abroad.

Ph: 6238231410

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM28/25 Associate Pastor& Worship Leader (Nadar Christian) 26 Years (09.04.1999), 6.1. Proposal invited from parents of suitable girls.

Ph: 8943619818

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM15/25 Pentecostal boy, 6 March 1993, 180cm, Masters of Engineering in Engineering Management, born and brought up in gulf, born again, baptized and God fearing, schooling in a British curriculum International school Dubai, working as a senior Application engineer and is based in Dubai. Looking for a born again, baptised, non ornamental, God fearing, Pentecostal girl.

+971529165874
usha25elizabeth@gmail.com

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM18/25 ക്രിസ്ത്യൻ പെന്തെക്കോസ്തു യുവാവ് (Age 42, Hight 179, B.A Sociology, B.Th, Dip. Mission., BA. in Ministry) ജോലിയോടൊപ്പം ജീവകാരുണ്യ പ്രവർത്തനവും സുവിശേഷ പ്രവർത്തനവും നടത്തുന്നു. സ്വദേശത്തോ വിദേശത്തോ ജോലിയുള്ളതും ഇല്ലാത്തതുമായ അനുയോജ്യമായ പെൺകുട്ടികളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. ബാധ്യത ഇല്ലാത്ത പുനർവിവാഹവും പരിഗണിക്കും.

9847683343

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM19/25 Syrian Christian Pentecostal Parents Invite Proposal For Their Son.DOB. 22.9.1995. 170 c.m MBBS, Doctor. Currently Working as a Resident Medical Officer At Private Hospital. Prayerfully Seeking Suitable Alliances From Spiritual And Professional Qualified Girls From India or Abroad.

Ph: 918547317844, 9446977844

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM20/25 Christian pentecostal (syrian) parents are inviting proposal for their daughter, who is God-fearing, born again, baptized girl (27 / 159 cm / B.Tech, MBA) currently working as Technology Analyst/Functional consultant, MNC project in Europe. Seeking suitable proposals from parents of God fearing, spiritual, and professionally qualified boys preferably abroad. Please respond with photos and details to our whatsapp number

Ph: 9567695887, +965 6908 9839

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM21/25 ഓർത്തഡോക്സ് യുവാവ്, 11-07-1989, 5.8, 65 kg, White, ITA, Aluminium Fabrication, ഷാർജയിൽ ജോലി ചെയ്യുന്നു. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

9491153615 (Whatsapp)

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM23/25 Missionary calling girl US citizen DOB 11/2001 graduating from University July 2025 Bachelor of science in Healthcare Administration, born in Kerala and raise up in Middle East, migrated to US 2018. Looking for a suitable boy with Missionary calling. Preference those who have taken Vision school or working for Mission organizations like Intercp International, Ywam, OM etc. Please forward the resume with Picture to whatsapp :

Ph: + 1 8325745019

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM24/25 Syrian Christian Pentecostal (TPM) parents invite proposals for their daughter, 19.11.-1998, 154cm, Doctor (MBBS.MD. STUDIED AT TBILISI (GEORGIA). Seeking alliance from parents of born again and qualified boys.

+919495077771, +971506469508, +971561844937

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM25/25 സിറിയൻ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി 35 (21/03/1990), 165 cm, 75 kg, B.Sc Nurse, സൗദി അറേബ്യയിലെ റിയാദിൽ സ്റ്റാഫ് നേഴ്സായി ജോലി ചെയ്യുന്നു. ഇൻഡിപെൻഡൻസ് സഭാംഗമാണ്. ആഭരണം ധരിക്കും.

Ph: 91 96567 51020

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MARUPPACHA
Samakalika Pathrika
Planthottam Complex
Tiruvalla - 689 101
www.maruppacha.com

മരുപ്പച്ച
സമകാലിക പത്രിക

മെയ് 20, 2026

REGISTERED NEWSPAPER
R N I Reg No. 67619/97
Postal Reg. No.**KL/TLA/100/2025-27**
License No. **KL/TLA/WPP/116/2025-27**
Date of Publication 20 - 05 - 2026

അപ്പൊസ്തലന്മാരുടെ പാദങ്ങൾ പതിഞ്ഞ ദീപുകളിലൂടെ സഞ്ചാരം!

ക്രേത്ത – കുപ്രോസ് – മെലിത്ത
CRETE – CYPRUS – MALTA

9 പകലുകൾ
8 രാത്രികൾ

- അപ്പോസ്തലനായ പൗലോസിന്റെ മിഷനറി സഞ്ചാരപഥം.
- വിശുദ്ധന്മാരായ മർക്കോസ്,
- ബർന്നബാസ്, ലാസർ,
- തിമോഥി, തീത്തോസ് തുടങ്ങിയവരുടെ പ്രേഷിത ഭൂമിക!
- ആദിമ വിശുദ്ധന്മാരുടെ ദീപുകൾ
- പുതിയ നിയമത്തിലെ ദീപുകൾ



The Olive Way TOURS

91 9961720195
9961103983
olivewaytours@yahoo.com

Shaji Samuel
CPA



shajisamuel.cpa
info@shajisamuel.cpa

Shaji Samuel, CPA

Company & Personal Tax Returns
Bookkeeping & Payroll Services
Business Formation
IRS Representation & Tax Planning
Medicare & Medicaid Cost Reports

2435 N Central Expy, Ste 1277
Richardson, TX 75080
+1 469 782 4423

ഹാലേലൂയ്യാ ഇയർ ബുക്ക് വീണ്ടും പ്രസിദ്ധീകരിക്കുന്നു


മലയാളി പെന്തെക്കോസ്ത് സമൂഹത്തെക്കുറിച്ചു ള്ള ചരിത്രവും ഏറ്റവും പുതിയ സ്ഥിതി വിവരങ്ങളും ഉൾപ്പെടുത്തി ഹാലേലൂയ്യാ ഇയർ ബുക്ക് വീണ്ടും പ്രസിദ്ധീകരിക്കുന്നു. 2017 ലാണ് അവസാനമായി ഹാലേലൂയ്യാ ഇയർ ബുക്ക് പുറത്തിറങ്ങിയത്. കഴിഞ്ഞ 10 വർഷം കേരളത്തിലെ പെന്തെക്കോസ്ത് സമൂഹത്തിനുണ്ടായ മാറ്റങ്ങളുടെയും വളർച്ചയുടെയും സമഗ്രമായ വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പരിഷ്കരിച്ച പതിപ്പായിരിക്കും വീണ്ടും പ്രസിദ്ധീകരിക്കുന്നത്. പുതിയ എഡിഷനിലേക്കുള്ള വിവരശേഖരണ ജോലികൾ ഇതിനകം ആരംഭിച്ചു കഴിഞ്ഞു.

കേരളത്തിലെ പെന്തെക്കോസ്ത് സഭകളുടെ ചരിത്രം 1905 മുതൽ 2026 വരെ ഓരോ വർഷവും മലയാളി പെന്തെക്കോസ്ത് സഭകളുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള സംഭവങ്ങൾ, ഓരോ പെന്തെക്കോസ്ത് പ്രസ്ഥാനത്തെയും കുറിച്ചുള്ള വിപുലമായ ചരിത്രവും സ്ഥിതിവിവര കണക്കുകളും പാരാ ചർച്ച് മൂവ്മെന്റുകൾ, മിഷനറി പ്രസ്ഥാനങ്ങൾ, ഐക്യ പ്രസ്ഥാനങ്ങൾ തുടങ്ങി നൂറുകണക്കിന് പ്രസ്ഥാനങ്ങളുടെയും സ്ഥാപനങ്ങളുടെയും കൃത്യമായ വിവരങ്ങൾ, കൂടാതെ 'ഹു ഈസ് ഹു' എന്ന പേരിൽ പ്രമുഖരായ സഭാനേതാക്കൾ മുതൽ കൺവെൻഷൻ പ്രസംഗകർ, വർഷിപ്പ് ലീഡേഴ്സ്, ഇൻഫ്ലുവൻസേഴ്സ്, യുവജന പ്രവർത്തകർ തുടങ്ങിയ വിവിധ നിലകളിൽ നിന്നുള്ള വ്യക്തികളുടെ വിവരണങ്ങൾ.

പഞ്ചായത്ത് /മുൻസിപ്പാലിറ്റി /കോർപ്പറേഷൻ അടിസ്ഥാനത്തിൽ ഓരോ സ്ഥലത്തുമുള്ള ലോക്കൽ സഭകളുടെ വിവരണങ്ങൾ, ഫോൺ നമ്പറുകൾ തുടങ്ങി 0പെന്തെക്കോസ്തുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും ഉൾപ്പെടുത്തുന്ന രീതിയിലാണ് ഇയർ ബുക്ക് തയ്യാറാക്കുന്നത്.

വിവരശേഖരണത്തിൽ സഹകരണം തേടുന്നു

ഇയർ ബുക്കിലേക്കുള്ള വിവരങ്ങൾ ശേഖരിക്കുന്നതിൽ സഹകരിക്കുവാൻ താല്പര്യമുള്ള പെന്തെക്കോസ്ത് ശുശ്രൂഷകന്മാർ, യുവജന പ്രവർത്തകർ തുടങ്ങിയവരുടെ സഹായം ഞങ്ങൾക്ക് ആവശ്യമുണ്ട്. താല്പര്യമുള്ളവർ നിങ്ങളുടെ പേരും സ്ഥലവും വാട്സാപ്പ് ചെയ്യുക. **9349500155.**



2027 ജനുവരിയിൽ പ്രസിദ്ധീകരിക്കും

Printed, published and owned by Achenkunju Elanthoor, Planthottam Complex, Tiruvalla-1. Printed at MGM Offset Press, Kottayam,
Published at Planthottam Complex, Tiruvalla-1 Editor : Achenkunju Elanthoor.